പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4125 — 18/10/2011-ൽ മറുപടിക്ക്

## പട്ടികജാതി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

ചോദ്യം

ശ്രീ.ജോസഫ് വാഴക്കൻ
ശ്രീ.സി.പി.മുഹമ്മദ്
ശ്രീ.എം.പി.വിൻസെൻറ്

മറുപടി

ശ്രീ.എ.പി.അനിൽകുമാർ

(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | പട്ടികജാതിക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി പട്ടികജാതി വികസന കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത്; | (എ) | പട്ടികജാതിക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വിവിധ സ്വയംതൊഴിൽ പദ്ധതികളും, മറ്റു സാമൂഹ്യക്ഷേമ പദ്ധതികളും, തൊഴിലധിഷ്ഠിത പരിശീലന പദ്ധതികളും നടപ്പാക്കുന്നുണ്ട്. താഴെപ്പറയുന്ന പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കി വരുന്നത്. |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി തുക(യൂണിറ്റ് ഒന്നിന്) |
|---|---|---|
| എ) | കെ.എസ്.ഡി.സി.(സ്വന്തമായ) പദ്ധതികൾ | |
| 1. | ബെനിഫിഷ്യറി ഓറിയൻറഡ് പദ്ധതി | 1,00,000 |
| 2. | പ്രൊഫഷണൽ സർവ്വീസ് പദ്ധതി | 1,50,000 |
| 3. | വിദേശ തൊഴിൽ വായ്പാ പദ്ധതി | 50,000 |
| 4. | വാഹന വായ്പാ പദ്ധതി (ഓട്ടോ) | 1,60,000 |
| 5. | കൃഷിഭൂമി വായ്പാ പദ്ധതി | 1,50,000 |
| 6. | വിവാഹ വായ്പാ പദ്ധതി | 1,00,000 |
| 7. | വിദ്യാഭ്യാസ വായ്പാ പദ്ധതി | 1,00,000<br>2,50,000 |
| 8. | വിദേശ വിദ്യാഭ്യാസ വായ്പാ പദ്ധതി | 10,00,000 |

| | | |
|---|---|---|
| 9. | പട്ടികജാതിയിൽപ്പെട്ട | 40,000 |
| 10 | പട്ടികജാതിയിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പാ പദ്ധതി | 50,000 |
| 11 | പട്ടികജാതിയിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പാ പദ്ധതി | 50,000 |

| ബി | എൻ.എസ്.എഫ്.ഡി.സി.പദ്ധതികൾ | |
|---|---|---|
| 1. | കർഷകത്തൊഴിലാളികൾക്കുള്ള കൃഷി ഭൂമി വായ്പാ പദ്ധതി | 1,50,000 |
| 2. | മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി | 30,000 |
| 3. | 3 വീലർ ഓട്ടോ പിക്ക് അപ് വാൻ പദ്ധതി | 1,50,000 |
| 4. | മിനി വെഞ്ച്വർ പദ്ധതികൾ | 1,00,000 മുതൽ 2,00,000 വരെ |
| 5. | മഹിളാ സമൃദ്ധി യോജന | 30,000 |
| 6. | മഹിളാ കിസാൻ യോജന | 50,000 |
| 7. | ശിൽപ്പി സമൃദ്ധി യോജന | 50,000 |
| 8. | സ്വരൺ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (ഗ്രൂപ്പിന്) | 3,00,000 |

ഇവ കൂടാതെ പട്ടികജാതിയിൽപ്പെട്ട യുവതീ യുവാക്കൾക്ക് കാർഷികാധിഷ്ഠിത സംരംഭകത്വ വികസനം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കമ്പ്യൂട്ടർ ആപ്ളിക്കേഷൻ എന്നിവയുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനവും നൽകി വരുന്നുണ്ട്. ഊർജ്ജസ്വലരും പട്ടികജാതിയിൽപ്പെട്ടവരുമായ തൊഴിൽ സംരംഭർക്ക് വരുമാനദായകമായ സംരംഭങ്ങൾ

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കിക്കൊണ്ട് തൃശ്ശൂർ നഗരത്തിലെ കൈരളി ശ്രീ തീയ്യറ്റർ കോംപ്ളക്സിൽ സ്വാശ്രയ വിപണന കേന്ദ്രം കോർപ്പറേഷൻെറ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 28 യൂണിറ്റുകളാണ് ഉള്ളത്. |
| ബി) | എൻ.എഫ്.ഡി.സി., എൻ.എസ്.സി.എഫ്.ഡി.സി എന്നിവിടങ്ങളിൽ നിന്നുള്ള ലോൺ സഹായവും സംസ്ഥാന സർക്കാർ നൽകുന്ന പ്രവർത്തനമൂലധനവും വിനിയോഗിച്ച് ഫലപ്രദമായി നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ തയ്യാറാകുമോ; | (ബി) | എൻ.എസ്.എഫ്.ഡി.സി.,എൻ.എസ്.ടി എഫ്.ഡി.സി എന്നിവ-യുടെ പുനർ വായ്പാ സഹായം ഉപയോഗിച്ച് കോർപ്പറേഷൻ ഇപ്പോൾ വിവിധ സ്വയംതൊഴിൽ പദ്ധതികളും പരിശീലന പരിപാടികളും നടപ്പാക്കുന്നുണ്ട്. ഇതുകൂടാതെ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| സി) | ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്? | (സി) | എൻ.എസ്.എഫ്.ഡി.സി.യിൽ നിന്നും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വായ്പാ തുക ഗുണഭോക്താക്കളുടെ വർദ്ധിച്ചു വരുന്ന ആവശ്യം നിർവ്വഹിക്കാൻ അപര്യാപ്തമായതിനാൽ കൂടുതൽ ഫണ്ട് ലഭിക്കുന്നതിനു വേണ്ടി എൻ.എസ്.എഫ്.ഡി.സി.യുള്ള ഗവൺമെൻറ് ഗ്യാരണ്ടി നിലവിലുള്ള 9.54 കോടി രൂപയിൽ നിന്നും 15 കോടി രൂപയായി ഉയർത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ